പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3590 08.11.2019-ലെ മറുപടിക്ക്

**പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ**

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ എത്രയെന്നും പുതിയതായി ആരംഭിച്ച ഷെഡ്യൂളുകൾ എത്രയെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും 5 സർവ്വീസുകൾ നിർത്തലാക്കുകയും, പുതുതായി 13 സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാലക്കാട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്ന എ.സി. സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട്.<br>ചില സർവ്വീസുകൾ പ്രധാന ഡിപ്പോകളിൽ നിന്നും കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി പാലക്കാട് യൂണിറ്റിലെ എ.സി. ബസ്സുകൾ കോഴിക്കോട്, തേവര യൂണിറ്റുകളിലേയ്ക്ക് മാറ്റിയതിനാലാണ് ടി സർവ്വീസുകൾ നിർത്തലാക്കേണ്ടി വന്നിട്ടുള്ളത്. |
| (സി) | ഈ വരുന്ന മണ്ഡലമാസ കാലയളവിൽ പാലക്കാട് ഡിപ്പോയിൽ നിന്നും പമ്പ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മണ്ഡലപൂജ-മകരവിളക്ക് കാലയളവിൽ കെ.എസ്.ആർ.ടി.സി പ്രത്യേക സർവ്വീസുകളാണ് ക്രമീകരിച്ചിട്ടുള്ളത്. യാത്രക്കാരുടെ തിരക്കും, കോർപ്പറേഷന് വരുമാനം ലഭ്യമാകുന്ന തരത്തിലും എല്ലാ പ്രധാന ഡിപ്പോകളിൽ നിന്നും പമ്പയിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ